# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 488 | 19.11.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ.സി. മമ്മത് കോയ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>പ്രൊഫ. കെ.യു. അരുണൻ :<br>ശ്രീ. പി.കെ. ശശി : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി.യിൽ മുൻവർഷത്തെ അപേക്ഷിച്ച് ഇരുപത്തിയേഴ് ശതമാനം വർദ്ധനവുണ്ടാകുമെന്ന നിഗമനം യഥാർത്ഥ്യമാകാനിടയുണ്ടോ; പ്രതീക്ഷിത വരുമാനത്തിലുണ്ടാകാനിടയുള്ള കുറവ് ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനാവിഷ്കരിച്ചിട്ടുള്ള സുപ്രധാന പദ്ധതികളെ ബാധിക്കാനിടയുണ്ടോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ചരക്ക സേവന നികുതിയിൽ 37% വളർച്ചയാണ് പ്രതീക്ഷിച്ചിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ (ഒക്ടോബർ മാസം വരെ) 4542.68 കോടി രൂപ ചരക്ക് സേവന നികുതി വരുമാനം (SGST) ലഭ്യമായപ്പോൾ 2019-20-ൽ 5336.52 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ അഡ്ഹോക് സെറ്റിൽമെന്റ് ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ 1935.04 കോടി രൂപ ലഭ്യമായിടത്ത് 2019-20-ൽ 567.59 കോടി രൂപ മാത്രമാണ് ലഭ്യമായത്. എന്നിരുന്നാലും GST കോംപൻസേഷൻ ഉൾപ്പെടെ 14% വളർച്ച ഉറപ്പ് വരുത്തിയിട്ടുള്ളതാണ്.<br>അഖിലേന്ത്യാ അടിസ്ഥാനത്തിൽ 2018-19, 2019-20 കാലയളവിലെ ചരക്ക് സേവന നികുതി വരുമാനത്തിന്റെ (SGST) വിശകലനത്തിൽ കേരളത്തിന് 21.74% വളർച്ചാ നിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. വാർഷിക റിട്ടേൺ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പുറത്തു നിന്ന് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തിലെ ജി.എസ്.ടി. വാർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിനുള്ള തീയതി 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ റിട്ടേൺ സമർപ്പിക്കേണ്ട തീയതി 2020 മാർച്ച് 31 വരെയും ദീർഘിപ്പിച്ചു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ പരിശോധന പൂർത്തീകരിക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.<br>പുറത്തുനിന്നു കൊണ്ടുവരുന്ന ചരക്കുകളുടെ ഇ-വേ ബിൽ പരിശോധിക്കുന്നതിനായി സംസ്ഥാനത്തുടനീളം 24 മണിക്കൂറും പ്രവർത്തനസജ്ജമായ സ്ക്വാഡുകൾ വിന്യസിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കു വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോ എന്ന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നു.<br>ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലേക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്. |

| | | | |
|---|---|---|---|
| (സി) | ഇൻവോയ്സ് മാച്ചിംഗിനു വേണ്ട സോഫ്റ്റ് വെയർ തയ്യാറായിട്ടുണ്ടോ; നാല്പത് ലക്ഷത്തിനുമേൽ വിറ്റുവരവുണ്ടായിട്ടും ഇതുവരെ രജിസ്ട്രേഷൻ എടുക്കാത്തവരെ കണ്ടെത്താൻ നടപടി സാധ്യമാണോ; അണ്ടർ ഇൻവോയ്സിംഗ് തടയാൻ മാർഗം ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | മൂല്യവർദ്ധിത നികുതി നിയമപ്രകാരം ചരക്കുകളുടെ വാങ്ങലുകളും വിൽപനകളും സംബന്ധിച്ച ഇൻവോയ്സുകൾ റിട്ടേൺ ഫയൽ ചെയ്യുന്നതിനോടൊപ്പം അപ് ലോഡ് ചെയ്യേണ്ട ആവശ്യകത ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഇൻവോയ്സ് മാച്ചിംഗിന് സോഫ്റ്റ് വെയർ അനിവാര്യമായിരുന്നു. എന്നാൽ ചരക്കു സേവന നികുതി നിയമ പ്രകാരം വിതരണഘട്ടത്തിൽ മാത്രമാണ് ഇൻവോയ്സ് വിവരങ്ങൾ നൽകേണ്ടത്. പ്രസ്തുത ഇൻവോയ്സുകൾ 2A റിട്ടേണിലൂടെ സാധനങ്ങൾ വാങ്ങിയ വ്യാപാരികൾക്ക് ലഭ്യമാകുന്നതും അർഹമായ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് സ്വീകരിക്കാവുന്നതുമാണ്.<br>വാറ്റ് നിയമ പ്രകാരം 10 ലക്ഷത്തിന് മുകളിൽ വിറ്റുവരവ് ഉള്ള വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരായിരുന്നു. പ്രസ്തുത നിയമ പ്രകാരം രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ ചരക്കു സേവന നിയമ പ്രകാരം മൈഗ്രേറ്റ് ചെയ്യുകയുണ്ടായി. ചരക്കുസേവന നികുതിയിൽ സേവനങ്ങൾക്ക് 20 ലക്ഷവും ചരക്കുകൾക്ക് 40 ലക്ഷവും പ്രതിവർഷം വിറ്റുവരവ് ഉണ്ടെങ്കിൽ മാത്രമേ രജിസ്ട്രേഷൻ ബാധ്യതയുള്ളൂ. സ്ട്രീറ്റ് സർവ്വെ തുടങ്ങിയ നടപടികളിലൂടെ രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>ഇന്റലിജൻസ് വിഭാഗം ചരക്കുവാഹനങ്ങൾ പരിശോധന വിധേയമാക്കുകയും ഇ-വേ ബിൽ എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നു. ചരക്കു വാഹനത്തോടൊപ്പമുള്ള ബില്ലിൽ കാണിച്ചിരിക്കുന്ന വിലയിൽ അണ്ടർ വാല്യുവേഷൻ ഉള്ള കേസുകളിൽ മേൽ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ